## മുഖക്കുറിപ്പ്

# പണയപ്പെടുന്ന സ്വാതന്ത്ര്യം

**പൊതുമിനിമം** പരിപാടിയിൽ, സ്വതന്ത്ര വിദേശനയം പിന്തുടരുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടാണ് മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ യു.പി.എ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരമേറ്റത്. എന്നാൽ തുടക്കം മുതലേ സിംഗ് സ്വീകരിച്ചുവരുന്നത് ആഗോള സാമ്രാജ്യത്വ ശക്തികൾക്കനുകൂലമായ സമീപനങ്ങളാണ്. ഇറാഖ് അധിനിവേശത്തോടുള്ള അഴകൊഴമ്പൻ നിലപാട്, അമേരിക്കയുടെ ഇംഗിതത്തിനൊത്ത് ഇറാന്റെ ആണവോർജ പദ്ധതിക്കെതിരെ വോട്ടു ചെയ്തത്, ഇറാനുമായുള്ള വാതക പൈപ്പ്‌ലൈൻ കരാറിൽനിന്ന് പിന്മാറാനുള്ള നീക്കം, അമേരിക്കൻ യുദ്ധക്കപ്പലുകൾക്ക് ഇന്ത്യൻ തുറമുഖങ്ങളിൽ ആതിഥ്യമരുളൽ, ഇന്ത്യാ-യു.എസ് സംയുക്ത സൈനികാഭ്യാസങ്ങൾ എന്നിങ്ങനെ ഒട്ടേറെയാണ് ഉദാഹരണങ്ങൾ. കേന്ദ്ര കാബിനറ്റിൽ നട്‌വർ സിംഗിന്നും മണിശങ്കർ അയ്യർക്കും നേരിട്ട സ്ഥാനചലനങ്ങളിൽ വരെ അമേരിക്കൻ സ്വാധീനമുള്ളതായി കിംവദന്തിയുയർന്നിരുന്നു. ഈ പ്രവണതക്കെതിരെ ഓരോ സന്ദർഭത്തിലും പ്രതിഷേധമുയരാറുണ്ടെങ്കിലും ഒന്നും മാനിക്കപ്പെടാറില്ല. അമേരിക്കൻ സാമ്രാജ്യത്വപക്ഷത്തേക്കുള്ള ഇന്ത്യയുടെ ഒരു കുതിച്ചുചാട്ടമാണ് ഈയിടെ അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്ല്യു. ബുഷും ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിംഗും തമ്മിൽ ഒപ്പുവെച്ച സൈനികേതര ആണവ കരാർ. അതിനെതിരെ രാജ്യത്തുയർന്ന പ്രതിഷേധം സ്വാഭാവികമാണ്.

ഇന്തോ-അമേരിക്കൻ ആണവ കരാറിൽ ഇന്ത്യക്ക് ഒട്ടേറെ നേട്ടങ്ങളുള്ളതായി പ്രധാനമന്ത്രി പറയുന്നുണ്ടെങ്കിലും ജനങ്ങൾക്കോ ജനപ്രതിനിധികൾക്കോ അതൊന്നും ബോധ്യമാകുന്നില്ല. ബോധ്യമാകുന്ന സംഗതി ഇതാണ്: മഹത്തായ ഇന്ത്യാ രാജ്യം അഭിമാനത്തോടെ ഉയർത്തിപ്പിടിച്ചിരുന്ന ചേരിചേരാ നയം തോട്ടിലെറിഞ്ഞ് നാം അമേരിക്കൻ ചേരിയിൽ അഭയം തേടിയിരിക്കുന്നു. ചില കാരണങ്ങളിലെങ്കിലും നമ്മുടെ പരമാധികാരം അമേരിക്കക്ക് അടിയറ വെച്ചിരിക്കുന്നു. ഇനി മുതൽ അമേരിക്കയുടെ അധിനിവേശ താൽപര്യങ്ങളെ അംഗീകരിക്കാനും സഹായിക്കാനും നാം ബാധ്യസ്ഥരായിരിക്കുന്നു. നമ്മുടെ പരമാധികാരത്തെ ഹനിക്കുന്ന യാതൊന്നും കരാറിലില്ലെന്ന് മൻമോഹൻ സിംഗ് പറയുമ്പോൾ ഇന്ത്യ അണുപരീക്ഷണം നടത്തിയാൽ കരാർ റദ്ദാക്കുമെന്നും ഇന്ത്യ അന്താരാഷ്ട്ര നിരീക്ഷണത്തിനു കീഴിലായിരിക്കുമെന്നും അമേരിക്കൻ വിദേശകാര്യ വകുപ്പിന്റെ വക്താവ് സിൻ മക്ക് കോർമാർക്ക് പ്രസ്താവിക്കുന്നു. ഇന്ത്യയുടെ വിദേശനയം അമേരിക്കയുടെ വിദേശനയത്തിന് അനുഗുണമായിരിക്കണമെന്ന് കരാർ സംബന്ധിച്ച് അമേരിക്കൻ കോൺഗ്രസ് പാസ്സാക്കിയ ഹൈഡ് നിയമം അനുശാസിക്കുന്നുണ്ട്. ആഫ്രോ-ഏഷ്യൻ എന്ന രാജ്യങ്ങളിലുള്ള അമേരിക്കയുടെ നിയന്ത്രണത്തെയും അഫ്ഗാനിലും ഇറാഖിലും നടത്തുന്ന അധിനിവേശത്തെയും നാളെ നടത്താനിരിക്കുന്ന ഇറാൻ അധിനിവേശത്തെയും പിന്തുണക്കാനും അഫ്ഗാനിസ്താനെയും പാകിസ്താനെയും പോലെ ചൈനയുടെ അതിർത്തിയിൽ അമേരിക്കയുടെ കാവലാളായി നിലകൊള്ളാനും ഇന്ത്യ ബാധ്യസ്ഥമാണെന്നുതന്നെയാണതിനർഥം.

ഈ കരാറിനെ എതിർത്ത ഇടതുപക്ഷത്തോട് വെല്ലുവിളിയുടെ സ്വരത്തിലായിരുന്നു പ്രധാനമന്ത്രിയുടെ ആദ്യ പ്രതികരണം. കരാറിനെ കാബിനറ്റ് അംഗീകരിച്ചിരിക്കുന്നു. അതിൽനിന്ന് പിന്നോട്ടില്ല. ഇടതുപക്ഷത്തിനു വേണമെങ്കിൽ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കാമെന്നു വരെ അദ്ദേഹം പറഞ്ഞുകളഞ്ഞു. പ്രതിപക്ഷവും ഇടതുപക്ഷവും ചേർന്നാൽ ഭൂരിപക്ഷം എം.പിമാർ സർക്കാറിനെതിരാകുമെന്ന് അദ്ദേഹത്തിനറിയാതെയല്ല. ഇന്നത്തെ സാഹചര്യത്തിൽ ഗവൺമെന്റിനെ വീഴ്ത്താൻ ഇടതുപക്ഷം മുതിരുകയില്ലെന്ന് അദ്ദേഹത്തിനുറപ്പുണ്ട്. എങ്കിലും മൻമോഹൻ സിംഗിനെപ്പോലെ പക്വമതിയായ ജനാധിപത്യ പ്രതിബദ്ധതയുള്ള പ്രധാനമന്ത്രിക്ക് ചേർന്നതായില്ല അദ്ദേഹത്തിന്റെ ശാഠ്യബുദ്ധി. വിഷയം പാർലമെന്റ് ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ കരാറിൽനിന്ന് പിന്മാറില്ലെന്ന് ഉറച്ചു പ്രഖ്യാപിച്ചിരിക്കെ ചർച്ചചെയ്തിട്ടെന്തു വിശേഷം?

വിദേശ രാജ്യങ്ങളുമായി ഉണ്ടാക്കുന്ന കരാറുകളിൽ ഇടപെടാനും അതു സംബന്ധിച്ച് നിയമങ്ങൾ നിർമിക്കാനും പാർലമെന്റിന് അധികാരമുണ്ടെന്ന് ഇന്ത്യൻ ഭരണഘടന 253-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. ഈ വകുപ്പിൽ വ്യാഖ്യാനത്തിനു പഴുതുകളുള്ളതുകൊണ്ടാണ് പാർലമെന്റിന്റെ അഭിപ്രായം മാനിക്കാതെ എക്സിക്യൂട്ടീവിന് ഇത്തരം കരാറുകളുണ്ടാക്കാൻ കഴിയുന്നത്. പാർലമെന്റ് എടുക്കുന്ന തീരുമാനങ്ങൾ പുനരാലോചിക്കാൻ ആവശ്യപ്പെടാനല്ലാതെ വീറ്റോ ചെയ്യാൻ പ്രസിഡന്റിനോ ഗവർണർക്കോ വരെ അധികാരമില്ല. എന്നാൽ അമേരിക്കൻ പാർലമെന്റായ കോൺഗ്രസ് പാസ്സാക്കുന്ന ബില്ലുകൾ വീറ്റോ ചെയ്യാൻ അവിടത്തെ പ്രസിഡന്റിന് അധികാരമുണ്ട്. എന്നിട്ടും അമേരിക്കൻ കോൺഗ്രസ് ദീർഘമായി ചർച്ചചെയ്യുകയും ആവശ്യമായ നിയമങ്ങൾ നിർമിക്കുകയും ചെയ്ത ശേഷമാണ് പ്രസിഡന്റ് ബുഷ് കരാർ 123-ൽ ഒപ്പുവെച്ചത്. പാർലമെന്റിന് അതിനേക്കാൾ ദൃഢമായ അധികാരമുള്ള ഇന്ത്യയിലാകട്ടെ പാർലമെന്റിനെ നോക്കുകുത്തിയാക്കി പ്രധാനമന്ത്രി കരാറിൽ ഒപ്പുവെക്കുകയായിരുന്നു. ഭൂരിപക്ഷം എം.പിമാർ എതിർക്കുമ്പോഴും അദ്ദേഹം അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു. പാർലമെന്ററി ജനാധിപത്യത്തെ അർഥശൂന്യമാക്കുന്നതാണീ നിലപാട്.

വിദേശ രാജ്യങ്ങളുമായുള്ള സുപ്രധാനമായ കരാറുകൾ പാർലമെന്റിന്റെ അംഗീകാരത്തോടെ മാത്രമേ നടപ്പാക്കാവൂ എന്ന വാദം ഭരണഘടനാവിദഗ്ധർ നേരത്തേ പലവട്ടം ഉന്നയിച്ചിട്ടുള്ളതാണ്. ഗാട്ട് കരാർ ഒപ്പുവെച്ച കാലത്ത് ഈ വാദം ഏറെ ഉയർന്നുകേട്ടിരുന്നു. ഇതു സംബന്ധിച്ച് 1992-ൽ സി.പി.എം നേതാവ് എം.എ ബേബിയും 1994-ൽ ഫോർവേഡ് ബ്ലോക്ക് നേതാവ് ചിത്ത ബസുവും പാർലമെന്റിൽ ബില്ല് അവതരിപ്പിക്കുകയുണ്ടായി. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, ജസ്റ്റിസ് ജീവൻ റെഡ്ഡി തുടങ്ങിയ പ്രഗത്ഭരായ നിയമവിശാരദന്മാർ ബേബിയുടെ ബില്ലിനെ പിന്തുണച്ചുകൊണ്ട് അക്കാലത്ത് മാധ്യമങ്ങളിൽ ലേഖനങ്ങളെഴുതിയിരുന്നു. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പാർലമെന്റിന്റെ തീരുമാനം കാത്തിരിക്കുകയും പാർലമെന്ററി നടപടിക്രമങ്ങളുടെ നൂലാമാലകളിൽ കുരുങ്ങുകയും ചെയ്താൽ സുഗമമായ ഭരണനിർവഹണം അസാധ്യമാകുമെന്ന് വാദിച്ചുകൊണ്ട് കോൺഗ്രസ് ഗവൺമെന്റ് ആ ബില്ലിനെ എതിർക്കുകയാണുണ്ടായത്. ചിത്ത ബസുവിന്റെ ബില്ലും ചർച്ചക്കെടുക്കും മുമ്പ് പാർലമെന്റ് പിരിച്ചുവിടുകയായിരുന്നു.

ഇന്ത്യയുടെ നിയമനിർമാണ പരിഷ്കരണത്തിന് നിർദേശങ്ങൾ സമർപ്പിക്കാൻ ജസ്റ്റിസ് ജീവൻ റെഡ്ഡിയുടെ അധ്യക്ഷതയിൽ നിയുക്തമായ ലോ കമീഷൻ, പ്രധാനപ്പെട്ട സാർവദേശീയ കരാറുകൾക്ക് പാർലമെന്റിന്റെ സമ്മതം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. മിക്ക രാജ്യങ്ങളിലും അതിനു സമർഥമായ സംവിധാനമുണ്ട്. ഗാട്ട് കരാർ, ഡബ്ല്യു.ടി.ഒ കരാർ, ഇപ്പോൾ ഇന്തോ-യു.എസ് ആണവ കരാർ എന്നിങ്ങനെ വിവിധ കരാറുകളിലൂടെ എക്സിക്യൂട്ടീവ് നമ്മുടെ സ്വാതന്ത്ര്യം പണയപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ നിസ്സഹായമായി നിലവിളിക്കുകയാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ പാർലമെന്റംഗങ്ങൾ. സി.പി.എം സെക്രട്ടറി പ്രകാശ് കാരാട്ട് ചൂണ്ടിക്കാണിച്ച പോലെ ഭരണഘടനാ ഭേദഗതി ചെയ്തിട്ടെങ്കിലും ഈ ദുരവസ്ഥ പരിഹരിച്ചേ പറ്റൂ. ■